# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 71 — 13.06.2012 -ൽ മറുപടിയ്ക്ക്

## ഭൂഗർഭജല ചൂഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എം. ഷാജി<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. കെ.എൻ.എ ഖാദർ<br>ശ്രീ. സി.മമ്മൂട്ടി | ശ്രീ.പി.ജെ.ജോസഫ്<br>ജലവിഭവ വകുപ്പു മന്ത്രി |
| എ) അമിത ഭൂഗർഭജല ചൂഷണം മൂലം ജലനിരപ്പിൽ ഓരോ വർഷവും ഉണ്ടാകുന്ന കുറവ് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) ഭൂഗർഭജല ചൂഷണംമൂലം ജലനിരപ്പിൽ ഉണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിനായി കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ ഭൂജല വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതിനായി ഈ സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരിത്തിയിട്ടുണ്ട്. |
| ബി) ഭൂഗർഭജല ശോഷണത്തെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | ബി) കേരളത്തിന്റെ ഭൂജല സ്രോതസ്സിന്റെ അളവും, സ്ഥിതിയും അഞ്ചു വർഷത്തിൽ ഒരിക്കൽ സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡും, ഭൂജല വകുപ്പും സംയുക്തമായി കണക്കാക്കാറുണ്ട്. ഈ വർഷം മുതൽ പ്രസ്തുത പഠനം രണ്ടു വർഷത്തിൽ ഒരിക്കൽ നടത്തുവാനുള്ള തീരുമാനം എടുത്തിട്ടുണ്ട്. ഈ പഠനങ്ങളിൽ ഭൂജല ശോഷണവും ഉൾ ക്കൊള്ളിച്ചിട്ടുണ്ട്. |
| സി) കുന്നുകൾ ഇടിച്ചുമാറ്റുന്നതും, വയലുകൾ നികത്തുന്നതും, വീട്ടുവളപ്പുകളും പാതകളും കോൺക്രീറ്റ് ചെയ്യുന്നതും ജലശോഷണത്തിന് കാരണമാകുന്നു എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | സി) ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| ഡി) ജലചൂഷണത്തിനനുസൃതമായി മഴക്കുഴികൾ, ചെക്ക് ഡാമുകൾ എന്നിവ മുഖേന ഭൂഗർഭജലം റീചാർജ് ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നല്കുമോ? | ഡി) കൃത്രിമ ഭൂജല സംപോഷണ പദ്ധതിയിൻ കീഴിൽ ഭൂഗർഭജലം റീചാർജ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ഭൂജല വകുപ്പ് നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ